**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2202** **09-02-2023 - ൽ മറുപടിയ്ക്ക്**

**അനലിറ്റിക്കൽ ലാബുകളിൽ മൈക്രോബയോളജി പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഭക്ഷ്യസുരക്ഷ വകുപ്പിന് കീഴിലുള്ള അനലിറ്റിക്കൽ ലാബുകളിൽ മൈക്രോബയോളജി പരിശോധനയ്ക്ക് സംവിധാനം ഇല്ലാത്തതിനാൽ ഭക്ഷ്യവിഷബാധയുമായി ബന്ധപ്പെട്ട ക്രിമിനൽ കേസുകളിൽ തെളിവ് നൽകുവാൻ സാധിക്കാത്ത ഗുരുതരമായ സാഹചര്യം നിലനിൽക്കുന്നത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | സംസ്ഥനത്ത് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിയ്ക്കുന്ന അനലിറ്റിക്കൽ ലബോറട്ടറികളിലെ മൈക്രോബയോളജി വിഭാഗത്തിന്റെ അടിസ്ഥാന സൗകര്യ വിവകസനം FSSAI നേരിട്ടാണ് നിർവ്വഹിക്കുന്നത്. ഈ പ്രവൃത്തിയ്ക്കായി റേറ്റ് കോൺട്രാക്റ്റ് ഉറപ്പിച്ചിട്ടുള്ളതും പ്രവൃത്തി പൂർത്തീകരിയ്ക്കുന്നതും FSSAI യുടെ മേൽനോട്ടത്തിലാണ്. ഇതിനായി FSSAI ഒരു കോടി രൂപ വീതം നേരിട്ട് അതാത് ലാബ് മേധാവികളുടെ അക്കൗണ്ടിലേയ്ക്ക് കൈമാറിയിട്ടുണ്ട്. FSSAI നേരിട്ട് ക്ഷണിച്ച റേറ്റ് കോൺട്രാക്ടിനായുള്ള ടെൻഡറിൽ ഉൾപ്പെട്ട വെൻഡർമാർ നടപടിക്രമങ്ങൾ പാലിച്ചതിന് ശേഷം മാത്രമേ തുക വിനിയോഗിക്കുവാൻ കഴിയുകയുള്ളൂ. പ്രസ്തുത റേറ്റ് കോൺട്രാക്ട് നിലവിൽ വന്നത് 14/06/2022 ലാണ്. ഇപ്രകാരം ടെൻഡറിൽ പങ്കെടുത്ത L1 Bidder മായി വകുപ്പ് റേറ്റ് കോൺട്രാക്ട് ഉറപ്പിച്ചിട്ടുണ്ട്. ഇതനുസരിച്ച് അവർ തയ്യാറാക്കിയ layout FSSAI അംഗീകരിയ്ക്കുകയും പ്രസ്തുത കമ്പനിയ്ക്ക് സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിയ്ക്കണമെന്ന വ്യവസ്ഥയിൽ വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഭക്ഷ്യസുരക്ഷ വകുപ്പിന് കീഴിലുള്ള അനലിറ്റിക്കൽ ലാബുകളിൽ മൈക്രോബയോളജി പരിശോധനാ സംവിധാനം ഏർപ്പെടുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | സംസ്ഥനത്ത് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിയ്ക്കുന്ന അനലിറ്റിക്കൽ ലബോറട്ടറികളിലെ മൈക്രോബയോളജി വിഭാഗത്തിന്റെ അടിസ്ഥാന സൗകര്യ വിവകസനം FSSAI നേരിട്ടാണ് നിർവ്വഹിക്കുന്നത്. ഈ പ്രവൃത്തിയ്ക്കായി റേറ്റ് കോൺട്രാക്റ്റ് ഉറപ്പിച്ചിട്ടുള്ളതും പ്രവൃത്തി പൂർത്തീകരിയ്ക്കുന്നതും FSSAI യുടെ |

| | | | |
|---|---|---|---|
| | | | മേൽനോട്ടത്തിലാണ്. ഇതിനായി **FSSAI** ഒരു കോടി രൂപ വീതം നേരിട്ട് അതാത് ലാബ് മേധാവികളുടെ അക്കൗണ്ടിലേയ്ക്ക് കൈമാറിയിട്ടുണ്ട്. **FSSAI** നേരിട്ട് ക്ഷണിച്ച റേറ്റ് കോൺട്രാക്ടിനായുള്ള ടെൻഡറിൽ ഉൾപ്പെട്ട വെൻഡർമാർ നടപടിക്രമങ്ങൾ പാലിച്ചതിന് ശേഷം മാത്രമേ തുക വിനിയോഗിക്കുവാൻ കഴിയുകയുള്ളൂ. പ്രസ്തുത റേറ്റ് കോൺട്രാക്ട് നിലവിൽ വന്നത് **14/06/2022** ലാണ്. ഇപ്രകാരം ടെൻഡറിൽ പങ്കെടുത്ത **L1 Bidder** മായി വകുപ്പ് റേറ്റ് കോൺട്രാക്ട് ഉറപ്പിച്ചിട്ടുണ്ട്. ഇതനുസരിച്ച് അവർ തയ്യാറാക്കിയ **layout FSSAI** അംഗീകരിയ്ക്കുകയും പ്രസ്തുത കമ്പനിയ്ക്ക് സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിയ്ക്കണമെന്ന വ്യവസ്ഥയിൽ വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ